പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5039 — 04.07.2012 ൽ മറുപടിക്ക്

## സർക്കാർ വാഹനം അനുവദിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാന പോലീസ് വകുപ്പിൽ സ്വന്തം ഉപയോഗത്തിന് സർക്കാർ വാഹനം അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്നും, ഓരോരുത്തർക്കും എത്ര വാഹനങ്ങൾ വീതം അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം നൽകാമോ ; | (എ) സ്വന്തം ഉപയോഗത്തിനായി ആർക്കും വാഹനം അനുവദിച്ചു നൽകിയിട്ടില്ല. ഔദ്യോഗിക ആവശ്യങ്ങൾക്കായി മാത്രമേ വാഹനം അനുവദിച്ചു നൽകിയിട്ടുള്ളൂ. |
| (ബി) വാസസ്ഥലത്ത് പോയിവരുന്നതിനും, കുടുംബാംഗങ്ങൾക്ക് സ്വകാര്യാവശ്യത്തിനും സർക്കാർ വാഹനം ഉപയോഗിക്കാൻ അനുമതിയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ; ജീവനക്കാരെ പ്രധാന കേന്ദ്രങ്ങളിൽ നിന്നും ഓഫീസുകളിലെത്തിക്കാൻ പോലീസ് വാനുകൾ ഉപയോഗപ്പെടുത്താൻ അനുവദിച്ചിട്ടുണ്ടോ; | (ബി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ള യാത്രകൾക്കാണ് പോലീസുദ്യോഗസ്ഥർ സർക്കാർ വാഹനം ഉപയോഗിച്ചു വരുന്നത്. പോലീസ് സേവനം അവശ്യ സർവ്വീസ് ആയതിനാൽ സാധാരണയുള്ള ഓഫീസ് സമയത്തിനു മുമ്പും ഓഫീസ് സമയത്തിന് ശേഷവും ജിവനക്കാർക്ക് അടിയന്തിര പ്രാധാന്യമുള്ള നിരവധി ജോലികൾ സമയബന്ധിതമായി ചെയ്ത് തീർക്കേണ്ടതായി വരുന്നു. ഇത്തരം സന്ദർഭങ്ങളിൽ ജീവനക്കാരെ പ്രധാന കേന്ദ്രങ്ങളിൽ നിന്നും ഓഫീസിൽ എത്തിക്കുന്നതിനായി വാഹനം ഉപയോഗിക്കാറുണ്ട്. |
| (സി) പോലീസുദ്യോഗസ്ഥർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നതു സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതു പരിശോധിക്കാനും ക്രമക്കേടുകൾ കണ്ടെത്താനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ ;<br>(ഡി) 2011-ൽ ഇതു സംബന്ധിച്ച് എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ? | (സി) യും (ഡി) യും വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് തൃശ്ശൂർ സിറ്റിയിൽ ഒരു പരാതി ലഭിക്കുകയും പരാതിയിന്മേലുള്ള അന്വേഷണത്തിൽ വാഹനം ദുരുപയോഗം ചെയ്തതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതുമാണ്. കൂടാതെ തിരുവനന്തപുരം സിറ്റി വനിതാ സെൽ സി.ഐ.യുടെ വാഹനം ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടി |

സ്ഥാനത്തിൽ 18.05.2012 ലെ സർക്കാർ കത്ത് നം. 42979/FIWH2/12/Finance പ്രകാരം ധനകാര്യ വകുപ്പ് പിഴ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക സർക്കാരിലേക്ക് അടയ്ക്കാൻ നിർദ്ദേശിച്ച് കൊണ്ട് കുറ്റക്കാരായ വനിതാ സി.ഐ., വാഹനമോടിച്ചിരുന്ന ഡ്രൈവർ എന്നിവർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിച്ചിട്ടുണ്ട്. വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് പരിശോധിക്കാനും ക്രമക്കേടുകൾ കണ്ടെത്തുവാനും അതാത് മേലുദ്യോഗസ്ഥർക്ക് അധികാരമുണ്ട്.

സെക്ഷൻ ഓഫീസർ